# നീര ഉൽപാദനം: പരിശീലനം തുടങ്ങി

## • അടുത്ത ബാച്ചിലേക്കു റജിസ്ട്രേഷൻ ആരംഭിച്ചു

ശാസ്താംകോട്ട • കൊല്ലം ജില്ലയിലെ കേരകർഷകർക്ക് പ്രതീക്ഷ നൽകി നീര ഉൽപാദിപ്പിക്കാൻ ടെക്നീഷ്യൻമാർക്കു മൈനാഗപ്പള്ളിയിൽ പരിശീലനം തുടങ്ങി. 12,000 കേരകർഷകർ ചേർന്നു രൂപീകരിച്ച സൊസൈറ്റികളും അവ ചേർന്നുള്ള 11 ഫെഡറേഷനുകളും ചേർന്ന കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയാണ് നീര ടെക്നീഷ്യൻമാർക്കു പരിശീലനം ആരംഭിച്ചത്.

നാളികേര വികസന ബോർഡിന്റെ സഹായത്തോടെയാണ് പരിശീലനം. 18നും 45നും മധ്യേ വയസ്സുള്ള ആയിരക്കണക്കിനു യുവാക്കൾക്കു മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതാണ് നീര ഉൽപാദനമെന്ന് സംഘാടകർ പറഞ്ഞു. ഗ്രീൻ കോളർ ജോലിക്കാരായ ഇവർക്ക് ഉയർന്നശമ്പളവും ഇപിഎഫ്, ഗ്രൂപ്പ് ഇൻഷുറൻസ്, ഇഎസ്ഐ ആനുകൂല്യങ്ങളും ലഭിക്കുമെന്നു കമ്പനി ചെയർമാൻ കാഞ്ഞിരംവിള ഷാജഹാൻ പറഞ്ഞു. ഗ്ലൗസും മാസ്കും തൊപ്പിയും ധരിച്ചാണ് ജോലിക്കിറങ്ങുക. പരിശീലനത്തിൽ യോഗ, വ്യക്തിത്വ വികസന ക്ലാസ്, നാളികേര കൃഷിപാഠങ്ങൾ, പരിപാലനമുറകൾ എന്നിവ ഉൾപ്പെടും.



നീര ഉൽപാദന പരിശീലനത്തിന് മൈനാഗപ്പള്ളിയിൽ തുടക്കം കുറിച്ചപ്പോൾ.

തെങ്ങിന്റെ മണ്ട വൃത്തിയാക്കി, അണുനാശിനി തളിച്ച്, പാകമായ കൂമ്പിൽ കുലമുട്ടി ഉപയോഗിച്ചു മുട്ടാൻ തുടങ്ങും. മൂന്നാംദിവസം കൂമ്പിന്റെ അറ്റം മുറിക്കും. 12-ാം ദിവസം മുതൽ നീര കിട്ടാൻ തുടങ്ങും. കൂമ്പിൽ പുരട്ടാൻ ഉപയോഗിക്കുന്ന ചെളി അണുവിമുക്തമാക്കിയതാണ്. നീര ശേഖരിക്കുന്ന പാത്രങ്ങളും അണുവിമുക്തമാക്കിയതാണ്. സാങ്കേതികവിദ്യ നാളികേര വികസന ബോർഡിന്റെതാണ്.

കഴിഞ്ഞ ദിവസം ആരംഭിച്ച പരിശീലനം മൈനാഗപ്പള്ളി പഞ്ചായത്ത് പ്രസിഡന്റ് പി.എം. സെയ്ദ് ഉദ്ഘാടനം ചെയ്തു. ചെയർമാൻ കാഞ്ഞിരവിള ഷാജഹാൻ അധ്യക്ഷത വഹിച്ചു. എംഡി ജയ്മോൻ, കബീർ കുറ്റിക്കാട്ടുവിള, മാത്യു വൈദ്യൻ, സിജു കോശി വൈദ്യൻ, മോഹൻ കോയിപ്പുറം, ഇടക്കെട്ടുംവീട്ടിൽ ഗോപാലകൃഷ്ണപിള്ള, നാളികേര ബോർഡ് ചാർജ് ഓഫിസർ രശ്മി എന്നിവർ പ്രസംഗിച്ചു.

അടുത്ത ബാച്ചിലേക്കു റജിസ്ട്രേഷൻ ആരംഭിച്ചു. ഫോൺ: 9605149135.